പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5962 — 09.07.2012-ൽ മറുപടിക്ക്

മങ്ങാട്ടുപുലം ആശാരിക്കടവ്,നൂറടിപ്പാലങ്ങളുടെ അപ്രോച്ച് റോഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ). മലപ്പുറം മണ്ഡലത്തിലെ മങ്ങാട്ടുപുലം ആശാരിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ; | (എ). മലപ്പുറം മണ്ഡലത്തിലെ മങ്ങാട്ടുപുലം ആശാരിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് തുടർനടപടികൾക്കായി ബന്ധപ്പെട്ട മലപ്പുറം എൽ.എ. (ജി) തഹസിദാർക്ക് 20.03.12-ൽ എ.3/എൽ.എ./ 1237/04 പ്രകാരം മഞ്ചേരി നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയിട്ടുണ്ട്. മേൽ സ്ഥലമെടുപ്പ് ബാക്കി പൂർത്തിയാക്കി പി.ഡബ്ല്യു.ഡി.-ക്ക് കൈമാറേണ്ടതും തുക നിശ്ചയിക്കുന്നതും അത് ഭൂഉടമകൾക്ക് കൈമാറേണ്ടതും ഇതുമായി ബന്ധപ്പെട്ട തഹസിൽദാർ ആണ്. നടപടികൾ പുരോഗമിക്കുന്നു. |
| (ബി). സ്ഥലമെടുപ്പ് എത്രയും വേഗം പൂർത്തിയാക്കി ഉടമസ്ഥർക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ ; | (ബി). സ്ഥലമെടുത്ത് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറാനും ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും എൽ.എ. തഹസിദാർ സ്വീകരിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് നഷ്ട പരിഹാരം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (സി). നൂറടിപ്പാലം അപ്രോച്ച് റോഡ് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് സ്ഥലം ഉടമകൾക്കുള്ള നഷ്ടപരിഹാര തുക വിതരണം പൂർത്തിയായോ ; | (സി). & (ഡി). നൂറാടി പാലത്തിന്റെ അപ്രോച്ച് റോഡിനു ഏറ്റെടുത്ത എല്ലാ സ്ഥലമുടമകൾക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| (ഡി). ആയതിന്മേൽ ഇനി എന്ത് തുക വിതരണം ചെയ്യാനുണ്ടെന്നും എന്നത്തേയ്ക്ക് പ്രസ്തുത തുക കൊടുത്ത് തീർക്കുവാൻ സാധിക്കുമെന്നും വെളിപ്പെടുത്തുമോ ? | |

Salitha

**സെക്ഷൻ ഓഫീസർ**